# BSNL EMPLOYEES UNION
# SANCHAR NIGAM EXECUTIVES ASSOCIATION
## (RECOGNISED UNIONS IN BSNL)

**ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ അവർകൾക്ക്**

സർ,

വിഷയം: **കെ. ഫോൺ പദ്ധതി-ബി.എസ്.എൻ.എൽ.നു നൽകുന്നത് സംബന്ധിച്ച്.**

സർക്കാർ സ്ഥാപനങ്ങൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇൻർനെറ്റ് കണക്റ്റിവിറ്റി നൽകുവാനും, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഇന്റർനെറ്റ് സേവനം നൽകാനും ഉദ്ദേശിച്ചുകൊണ്ടുള്ള കെ.ഫോൺ പദ്ധതി നടപ്പാക്കാൻ കേരളാ സർക്കാർ തീരുമാനിച്ചതായി അറിയുന്നു. ഇതിനായി സംയുക്ത സംരംഭം ആരംഭിക്കാനും തീരുമാനിച്ചതായി മനസ്സിലാക്കുന്നു.

ബി.എസ്.എൻ.എൽ.ന് വിപുലമായ ഓപ്ടിക്കൽ ഫൈബർ കണക്റ്റിവിറ്റിയും, അതിവേഗ ഇന്റർനെറ്റ് കണക്ഷൻ നൽകുവാനുള്ള പശ്ചാത്തല സൗകര്യവുമുണ്ട്. കേരളത്തിൽ ഒരു കോടി മൊബൈൽ കണക്ഷനുകൾ, 22000 കി.മീ ഓപ്റ്റിക്കൽ ഫൈബർ കേബിൾ ശൃംഖല, ആയ്യായിരത്തിൽപ്പരം സ്വന്തമായ ടവറുകൾ, 600 ൽ പരം ഹോട്ട് സ്പോട്ടുകൾ, 450 ൽപ്പരം സൗജന്യ ഹോട്സ്പോട്ടുകൾ ഉൾപ്പെടെ ബൃഹത്തായ നെറ്റ്വർക്ക് സംവിധാനമുള്ള കമ്പനിയാണ് ബി.എസ്.എൻ.എൽ. കൂടാതെ 710 - 4ജി ടവറുകൾ, 1050 - 3ജി ടവറുകൾ 150 - 2ജി ടവറുകൾ സ്ഥാപിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. എഫ്.റ്റി.റ്റി.എച്ച് സാങ്കേതിക വിദ്യ ഉപയോഗിച്ച് 100 എം.ബി.പി.എസ് വേഗതവരെയുള്ള ഇന്റർനെറ്റ് സേവനം ഗാർഹിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചു വരുന്നു.

കേന്ദ്രസർക്കാരിന്റെ പൊതുമേഖലാ വിരുദ്ധ നയത്തിന്റെ ഭാഗമായി ബി.എസ്.എൻ.എൽ.ലും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത്. ഇന്ത്യയിലെ വാർത്താവിനിമയ രംഗത്ത് ആധിപത്യം ഉറപ്പിക്കാൻ ജിയോയെ സഹായിക്കുകയാണ് കേന്ദ്ര സർക്കാർ. കേരളം മാത്രമാണ് ലാഭകരമായി പ്രവർത്തിക്കുന്നത് ഇത്തവണ കേവലം 300 കോടി മാത്രമാണ് ലാഭം. കഴിഞ്ഞവർഷം 700 കോടി

Scanned by CamScanner

യായിരുന്നു. അങ്ങയുടെ നേതൃത്വത്തിലുള്ള സർക്കാർ പൊതുമേഖലയുടെ വികസനത്തിനാവശ്യമായ നടപടികളാണ് സ്വീകരിക്കുന്നത്. മാത്രമല്ല കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച സ്ഥാപനങ്ങൾ ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ചുകഴിഞ്ഞു.

ഈ സാഹചര്യത്തിൽ കേരളസർക്കാരിന്റെ ഇന്റർനെറ്റ് പദ്ധതിയായ കെ.ഫോൺ പദ്ധതി ബി.എസ്.എൻ.എൽ.നു നൽകുവാൻ ദയവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

സി.സന്തോഷ്കുമാർ
സംസ്ഥാന സെക്രട്ടറി
ബി.എസ്.എൻ.എൽ.എംപ്ലോയീസ് യൂണിയൻ
പി&ടി ഹൗസ്, തിരുവനന്തപുരം

ടി.സന്തോഷ്കുമാർ
സംസ്ഥാന സെക്രട്ടറി
സഞ്ചാർ നിഗം എക്സിക്യൂട്ടീവ്
അസോസിയേഷൻ കേരള

തിരുവനന്തപുരം,
22-05-2018

Scanned by CamScanner